(ബി) ഒന്നാം റാങ്കുകാരിയായ ശ്രീമതി ആർ. സുമംഗലയ്ക്കാണ് നിയമന ഉത്തരവ് നൽകിയത്.

(സി) നിർദ്ദേശം നൽകിയിട്ടില്ല. പൊതു വിദ്യാഭ്യാസ വകുപ്പിൽ 1997-ലെ വാർഷികാവലോകനം പ്രകാരം തസ്തികകളൊന്നും തന്നെ സംവരണം ചെയ്തിട്ടില്ല. 1998, 1999 വർഷങ്ങളിലെ അവലോകനം നടത്തിയിട്ടില്ല.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം കണക്കാക്കുന്നത് ഓരോ തസ്തികകളിലും പ്രത്യേകമായല്ല. ഗസറ്റഡ് നോൺ ഗസറ്റഡ് ലാസ്റ്റ് ഗ്രേഡ് എന്നിവ ഓരോന്നും മൊത്തമായാണ് ഇക്കാര്യത്തിൽ പരിഗണിക്കുന്നത്.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടില്ല.

### 29 (3182) കണിയാപുരം എ.ഇ.ഒ.യുടെ പെൻഷൻ ആനുകൂല്യങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണിയാപുരം എ.ഇ.ഒ. ആയി 28.2.1998-ൽ റിട്ടയർ ചെയ്ത കഴക്കൂട്ടം മഞ്ഞമല എസ്.എസ്. നിവാസിൽ ശ്രീ. എം. ഷംസുദ്ദീന്റെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വച്ചിരിക്കുന്ന സാഹചര്യങ്ങൾ പരിശോധിക്കുമോ;

(ബി) ആഡിറ്റ് ഒബ്ജക്ഷനുകളുടെ പേരിൽ പെൻഷൻ പറ്റിയവരെ പീഡിപ്പിക്കുന്ന നടപടി നിറുത്തിവച്ച് നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രീ. എം. ഷംസുദ്ദീന് ഡി.സി.ആർ.ജി. ഒഴികെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഔദ്യോഗിക കാലയളവിലെ കണക്കുകൾ ആഡിറ്റ് നടത്തിയതിന്മേലുള്ള അനന്തര നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി വരികയാണ്. നടപടികൾ പൂർത്തിയാക്കി എൻ.എൽ.സി. ലഭിക്കുന്ന മുറയ്ക്ക് ഗ്രാറ്റുവിറ്റിയും നൽകുന്നതാണ്.

(ബി) ആഡിറ്റിന്റെ പേരിൽ ആരേയും പീഡിപ്പിക്കാറില്ല. നടപടിക്രമങ്ങൾ പൂർത്തിയാക്കാനാവശ്യമായ കാലവിളംബം മാത്രമേ ഉണ്ടാകാറുള്ളൂ. നിയമപരമായ ബാദ്ധ്യതാ നിർണ്ണയം പൂർത്തിയാക്കാതെ എല്ലാ ആനുകൂല്യങ്ങളും നൽകാൻ സാദ്ധ്യമല്ല.

### 30 (3189) "സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കൊഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡേഴ്സ്"

ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനവൈകല്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസവും പുനരധിവാസ പരിശീലനവും ലക്ഷ്യമാക്കി ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയുടെ സാങ്കേതിക സഹാ

LIBRARY ARCHIVES Kerala Legislative Assembly